


# സ്പന്ദനം

## ഡിജിറ്റൽ മാഗസിൻ

ജി.എച്ച്.എസ്.എസ്. പൊന്മുണ്ടം
മലപ്പുറം

# ഹെഡ്മാസ്റ്റർ



ശ്രീ. അബ്ദുൾ ഗഫൂർ  ടി

പ്രിയരെ,

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായുള്ള ഒരു ഡിജിറ്റൽ മാഗസീൻ ആണിത്. കുട്ടികൾ അവരാൽ കഴിയുന്ന വിധം ഇത് ആകർഷകമാക്കാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ പരിശ്രമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

ശ്രീ. അബ്ദുൾ ഗഫൂർ ടി
ഹെഡ്മാസ്റ്റർ

PTA President



Sri. Abdul Khadar

SMC Chairperson



Smt.Kundil Hajira

MPTA President



Smt.Sabna

Staff Secretary



Sri. Rajeesh

School Leader



Hanna Fathima AC

# Magazine Editorial Board

## Student Editors

Akhila (Little Kite)

Athulya(Little Kite)

Sree Nanda(Little Kite)

Sree Lekshmi(Little Kite)

Fathima Jasna(Little Kite)

Nahana(Little Kite)

Sanjid(Little Kite)

Murshid Muhammed(Little Kite)

## Staff Editors

Deepu PR (kite Master)

Beena Kumari K (Kite Mistress)

# Achievements

# Inspire Award Winners



Siyan (2023-24)



Muhammed Ajmal C(2022-23)

# USS WINNERS



അഖില പി.ബി



തീർത്ഥ എം.പി

# LSS WINNER



ഷാദുലി ഐമൻ

Little Kites Passout Batch (2021-2024)



JRC Passout Batch (2021-2024)



# രചനകൾ

# സൗഹൃദം

ഒരിടത്ത് ആതിര എന്ന് പറയുന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളൊരു നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. ആതിരയുടെ ഉറ്റ ചങ്ങാതിയാണ് അശ്വതി. ആതിര അവളുടെ എല്ലാ സങ്കടങ്ങളും സന്തോഷവും അശ്വതിയുമാണ് പങ്കുവച്ചിരുന്നത്. അവർ ഉറ്റ ചങ്ങാതിമാരും നല്ല സഹോദരങ്ങളുമായിരുന്നു. ഒരു ദിവസം അവരുടെ ക്ലാസ്സിൽ പഠിക്കുന്ന നിവേദ്യ അവരോട് വന്ന് ചോദിച്ചു, എന്നെ നിങ്ങളുടെ കൂടെ കൂട്ടുമോ എന്ന് . ആതിരയും അശ്വതിയും അവർക്ക് പുതിയ കൂട്ടുകാരിയെ കിട്ടുമല്ലോ എന്ന് വിചാരിച്ച് സന്തോഷത്തോടെ അവളെ അവരുടെ കൂടെ കൂട്ടി. പക്ഷെ കുറെ കാലം കഴിഞ്ഞപ്പോൾ നിവേദ്യയുടെ സ്വഭാവം മാറി. അവളുടെ ഉദ്ദേശം ആതിരയെ അശ്വതിയിൽ നിന്നും അകറ്റി നിർത്തണം എന്നതായി. ആതിരയ്ക്ക് കുറച്ച ദിവസം കഴിഞ്ഞപ്പോൾ പനിപിടിച്ചു. അവൾ കുറച്ച് ദിവസം സ്കൂളിൽ വന്നില്ല. ആതിരയ്ക്ക് പനിയാണ് എന്നറിഞ്ഞ നിവേദ്യ അശ്വതിയെ ആതിരയിൽ നിന്നും അകറ്റാനുള്ള ശ്രമം നടത്തി. ആദ്യം അശ്വതി പറഞ്ഞു അവളെന്റെ ഉറ്റ ചങ്ങാതിയാണെന്ന്. പിന്നെ കുറെ കഴിഞ്ഞപ്പോൾ നിവേദ്യ എന്തൊക്കെയോ പറഞ്ഞ് അശ്വതിയുടെ മനസ്സ് മാറ്റി. പനിമാറി തിരിച്ച് സ്കൂളിൽ വന്ന ആതിര കണ്ടത്. അശ്വതിയെയും നിവേദ്യയെയുമാണ്. അവൾ അവരുടെ അടുത്ത് പോയെങ്കിലും അവർ ഇവളോട് മിണ്ടാൻ തയ്യാറായില്ല. പാവം ആതിര അവരുടെ ആ പെരുമാറ്റം കണ്ട് സങ്കടത്തോടെ ക്ലാസ്സിൽ പോയിരുന്ന കരഞ്ഞു. കുറച്ച ദിവസത്തിനു ശേഷം ആതിര മനസ്സിലാക്കി അവളെ അവർ മനപൂർവ്വം അകറ്റിനിർത്തിയതാണെന്ന്. സത്യം അറിഞ്ഞ ആതിര അവരോട് പിന്നീട് മിണ്ടാൻ പോയില്ല. പിന്നെ ആതിരയ്ക്ക് പുതിയൊരു കൂട്ടുകാരനെ കിട്ടി. അരുൺ പിന്നീട് അവളുടെ ഉറ്റ ചങ്ങാതിയും സഹോദരനും അരുണായിരുന്നു. അവരുടെ സൗഹൃദം ശക്തമായതിനാൽ അത് കുറേകാലം നീണ്ടുനിന്നു.

അതുല്യ പി
8 എ

# ഭാഗ്യവും ഹതഭാഗ്യവും

വിരിഞ്ഞിരിക്കും പൂവിനെ നോക്കി

പൂമൊട്ട് ഒന്ന് പറഞ്ഞീടും

എന്തൊരു ഭാഗ്യം എന്തൊരു ചന്തം

അവൾക്ക് ഇതു എന്തൊരു ചന്തം

വിരിഞ്ഞ പൂവോ മൊട്ടിനെ നോക്കി

ചെറുതായി ഒന്നു പറഞ്ഞീടും

വിരിയാനിരിക്കും പൂമൊട്ടിനെന്തൊരു ഭാഗ്യം

പൊഴിഞ്ഞു പോകാൻ ആയോരെന്നുടെ

ഇതളുകൾക്ക് എന്തൊരു ഹത ഭാഗ്യം

ദേവനന്ദ
2 ബി

# സുഹൃത്തായ കാക്കകൾ

പണ്ടു പണ്ടു മിന്നു, ചിന്നു എന്നീ പേരുള്ള രണ്ട് കാക്കകൾ ജീവിച്ചിരുന്നു. ഒരു തണുപ്പുകാലം വന്നപ്പോൾ അവർ രണ്ടുപേരും ഒരു യാത്ര പുറപ്പെട്ടു. അവർ ഒരു മഞ്ഞു സ്ഥലത്ത് ചെന്ന് പെട്ടു. അവിടെ നിന്ന് അവർക്ക് രത്നകല്ല് ലഭിച്ചു. അപ്പോൾ മിന്നു കാക്ക പറഞ്ഞു. നീ ഈ രത്നക്കല്ല് നമ്മുടെ കൂട്ടിൽ കൊണ്ടുപോയി ഭദ്രമായി കൊണ്ടുവയ്ക്കു. ഞാൻ യാത്ര തുടരാം. ചിന്നു കാക്ക പറഞ്ഞു, ശരി ഞാൻ ഇത് ഭദ്രമായ സ്ഥലത്ത് കൊണ്ട് വയ്ക്കാം. നീ യാത്ര തുടരൂ... എന്ന് പറഞ്ഞ് രണ്ട് പേരും പിരിഞ്ഞു. ചിന്നു കാക്ക രത്നക്കല്ല് ഒരു ഭദ്രമായ മൺകുടത്തിൽ എടുത്തു വച്ചു. കുറച്ചു ദിവസം കഴിഞ്ഞ് മിന്നു കാക്ക തിരിച്ചു വന്നു. എന്നിട്ട് ചോദിച്ചു. ആ രത്നകല്ല് എവിടെ ? അപ്പോൾ ചിന്നു കാക്ക രത്നക്കല്ല് എടുത്ത് വച്ച മൺകുടം കാക്കയ്ക്ക് കാണിച്ചു കൊടുത്തു. അപ്പോൾ ആ മൺകുടത്തിൽ കുറച്ച് വെള്ളം മാത്രമാണ് കണ്ടത്. മിന്നു കാക്കയ്ക്ക് ദേഷ്യം വന്നു. മിന്നു കാക്ക ചിന്നു കാക്കയെ പുറത്താക്കി. വീണ്ടും തണുപ്പുകാലം വന്നപ്പോൾ ആ മൺകുടത്തിലെ വെള്ളം വീണ്ടും രത്നകല്ല് ആയി മാറി. കാക്കയ്ക്ക് അത്ഭുതമായി. കാക്കയ്ക്ക് വളരെ സങ്കടവും തോന്നി.

ഗുണപാഠം : മുൻധാരണ പാടില്ല.

ഫാത്തിമ സനിയ
4 ബി

# മഴവില്ല്

വാർമഴവില്ലെ നിന്നെകാണാൻ എന്തൊരുഭംഗി

സൂര്യനെ നോക്കി പുഞ്ചിരി ളുകും

ഏഴ് നിറങ്ങൾ നിനക്ക് ആരേകി

മഴയാണോ മലരാണോ പുഴയാണോ

ആകാശത്തിൻ കുടയായി നിൽക്കും

മനം കവരുന്ന നിൻ ഭംഗി

എന്നുടെ കൂടെ വരുന്നോ നീ

ബഹു വർണ്ണങ്ങൾ ഞാൻ നൽകാം

എന്നുടെ കൂടെ വന്നാൽ ഞാൻ

എൻ നിറചെപ്പുകൾ നിനക്കേകാം.

ഗൗരവ് എസ്
2 ബി

# എന്റെ ബാല്യം

കൊതിയുണ്ടെനിക്കെന്റെ ബാല്യത്തിലെത്താൻ

തിരതല്ലമോർമകൾ പെയ്യുന്ന ബാല്യം

അലയടിച്ചുയരുന്ന തിരമാല പോലെ

ഇല തെന്നി വീശുന്ന കാറ്റുപോലെ

എന്റെ ഹൃദയത്തിൽ നിറയുന്നു

എന്റെ ഓർമ ..... എന്റെ ബാല്യം ....

എന്റെ സ്വപ്നം ......

പള്ളിക്കൂടത്തിലെ പടിവാതിലെ

ത്തുമുമ്പെനിക്കമ്മയേകിയാ ഉമ്മകൾ

ഇന്നുമെൻ കവിളിലതങ്ങനെ നിൽക്കുമ്പോൾ....

വാരിപ്പുണർന്നീട്ടും ടിച്ചറെൻ കാതിൽ

ച്ചൊലിട്ടും വാക്കുകൾ ഇന്നന്റെ ഉയരം ......

ഇന്നന്റെ ഭാഗ്യം ...... ഇന്നന്റെ നേട്ടം ........

മതിലില്ല അതിരില്ല എന്റേതോ

നിന്റേതോ ഒന്നുമില്ല

പകയില്ല ചതിയില്ല എന്തിനും ഏതിനും

തണൽ തിങ്ങി നിൽക്കുന്ന സ്നേഹം മാത്രം ...........

മധുരം മാത്രം ..... നല്ല ഓർമ്മ മാത്രം

ഇൻഷ കെ
5 സി

# ദുഷ്ടനെ സഹായിക്കുമ്പോൾ

ഒരിക്കൽ ഒരു ചെന്നായ ഇറച്ചി തിന്നുന്നതിനിടെ ഒരു എല്ല് തൊണ്ടയിൽ തടഞ്ഞു. ചെന്നായ ദുഷ്ടനായതുകൊണ്ട് ആരും അവന്റെ സഹായിത്തിനു വരാൻ ധൈര്യം കാണിച്ചില്ല. അപ്പോഴാണ് ഒരു കൊക്ക് ആ വഴി വന്നത്. ചെന്നായ കൊക്കിനടുത്തേക്ക് ഓടി വന്നു. എന്റെ തൊണ്ടയിലെ ഈ എല്ല് എടുത്തു തന്നാൽ നല്ല സമ്മാനം തരാം അവൻ പറഞ്ഞു. കൊക്ക് തന്റെ നീണ്ട ചുണ്ട് ചെന്നായയുടെ വായിലേക്കിട്ട് എല്ല് പുറത്തെടുത്തു. എന്നിട്ട് ചോദിച്ചു ഈ സഹായത്തിന് നീ എനിക്ക് എന്ത് സമ്മാനമാണ് തരാൻ പോകുന്നത്. ചെന്നായ പറഞ്ഞു നീ തല വായിലിട്ടപ്പോൾ ഞാൻ നിന്നെ കടിച്ചു തിന്നില്ലല്ലോ അത് തന്നെ സമ്മാനം. കൊക്ക് പേടിച്ചു ഓടിപ്പോയി. ദുഷ്ടന്മാരെ സഹായിക്കുമ്പോൾ കൂടുതലൊന്നും പ്രതീക്ഷിക്കരുതെന്ന് അവന് മനസ്സിലായി.

മുഹമ്മദ് ഹംദാൻ .കെ
3 സി

# തിളക്കം

എന്റെ അമ്മ എന്നെ വിട്ട് പോയിട്ട് നാലാം ദിവസം ആയിരിക്കുന്നു. അമ്മ മരിച്ചതിൽ പിന്നെ സന്തോഷം എന്തെന്ന് ഞാനറിഞ്ഞിട്ടേ ഇല്ല. എൻ മനസ്സിൽ അങ്ങനെ മിന്നി മറയുന്നു. അമ്മയുടെ ഓർമ്മകൾ എന്നെ തികച്ചും മൂകനാക്കിയിരിക്കുന്നു. ആ സുന്ദരമായ മുഖം മനസ്സിൽ കിടന്ന് തിമർക്കുന്നുണ്ട്. അതിന്റെ ശബ്ദം കേൾക്കുന്നത് കൊണ്ടാവാം അച്ഛൻ എന്നരികിൽ വന്ന് നിശബ്ദനായി ഇരിക്കുന്നത്. കാലചക്രം അങ്ങനെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. പതിവില്ലാതെ ഒരു ദിവസം അച്ഛൻ എന്നെ വിളിച്ച് പറഞ്ഞു, മോനെ ഒന്നു കടയിൽ പോയി വരുമോ ? വീട്ടിലെ സാധനങ്ങൾ ഒക്കെ തീർന്നിരിക്കുന്നു. ദിവസങ്ങൾക്ക് ശേഷമാണ് അച്ഛൻ എന്നോട് മിണ്ടുന്നത്. അച്ഛനെ ഞാൻ നിരാശപ്പെടുത്തിയില്ല. അച്ഛൻ പറഞ്ഞതനുസരിച്ച് ഞാൻ കടയിൽപോയി. പോകുന്ന വഴിയേ ഒരു നായക്കുട്ടി എന്റെ അരികിൽ വന്ന് കുരച്ചു. ഞാൻ അതിന്റെ പിറകെ പോയി അത് എന്നെ കൊണ്ടുപോയത് വിജനമായ ഒരു സ്ഥലത്തേക്കായിരുന്നു. താഴേക്ക് നോക്കിയപ്പോൾ അവിടെ എന്തോ ഒന്ന് തിളങ്ങുന്നതായി ഞാൻ കണ്ടു. ആ തിളക്കം ഞാൻ എവിടെയോ കണ്ടിട്ടുണ്ട്. എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന ആ തിളക്കം. അതേ ഈ തിളക്കം എന്റെ അമ്മയ്ക്ക് അച്ഛൻ ചാർത്തിയ താലി മാലയുടെ തിളക്കം ആയിരുന്നു. ഹർഷം ഉളുമ്പുന്ന സ്നേഹത്തിന്റെ തിളക്കം. അതെ ഞാൻ കണ്ടത് സ്വർണ്ണത്തിന്റെ തിളക്കം. അതെ ഞാൻ കണ്ടത് സ്വർണ്ണത്തിന്റെ തിളക്കം ആയിരുന്നു. എന്തിന്റെയാണ് എന്നറിയാനുള്ള ആകാംഷയിൽ ഞാൻ സാധനം എടുത്തു. പുറകിലെ ഭാഗം കണ്ടപ്പോൾതന്നെ അതൊരു കണ്ണാടിയാണെന്ന് എനിക്ക് മനസ്സിലായി. തിരിച്ച് പിടിച്ച് നോക്കിയപ്പോൾ എന്റെ കണ്ണുകളെ വിസ്മയിപ്പിച്ച ഒരു സംഭവം ഉണ്ടായി.

എന്റെ പ്രിയപ്പെട്ട അമ്മ എന്നെ നോക്കി ചിരിക്കുന്നു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കരയല്ലേ എന്ന് ആ കണ്ണാടിയിലൂടെ എന്നോട് അമ്മ പറഞ്ഞു മാസങ്ങൾക്ക് ശേഷമാണ് ഞാൻ എന്റെ അമ്മയെ കാണുന്നത്. ആ സന്തോഷത്തിൽ അമ്മയോടുള്ള സ്നേഹം വിയർത്തൊട്ടിയ എന്റെ നെഞ്ചിൽ ആ കണ്ണാടി അമർത്തി പിടിച്ചുകൊണ്ട് ഞാൻ വീട്ടിലേക്കോടി. വീട്ടിൽ ചെന്നപ്പോൾ ഉമ്മറത്ത് തന്നെ അച്ഛൻ ഇരിപ്പുണ്ട്. അമ്മയെ കണ്ടാൽ എന്നെക്കാളേറെ അച്ഛൻ സന്തോഷിക്കുമെന്ന് ഞാൻ കരുതി. അച്ഛന്റെ അരികിൽ സ്വർണ്ണ കണ്ണാടിയുമായി ഞാൻ പോയി. കസേരയിൽ ഇരുന്ന അച്ഛനെ ഞാൻ തട്ടി വിളിച്ചു. പക്ഷെ അടച്ച കണ്ണുകൾ അച്ഛൻ തുറന്നില്ല. അമ്മയെ കാണിച്ച് തരാം എന്ന് പറഞ്ഞ് ആ കണ്ണാടി അച്ഛന് നേരെ ഞാൻ നീട്ടി എന്നിട്ടും അച്ഛൻ കണ്ണ് തുറന്നില്ല. അമ്മയോട് പരിഭവം പറയാനായി ഞാൻ ആ കണ്ണാടിയിലേക്ക് നോക്കിയപ്പോൾ അമ്മയോടൊപ്പം അമ്മയേക്കാൾ മനോഹരമായി പുഞ്ചിരി തൂകികൊണ്ട് അച്ഛനും നിൽക്കുന്നു. വൈകാതെ തന്നെ ഞാൻ ആ സത്യം മനസ്സിലാക്കി എനിക്ക് ഇനി ഞാനും എന്റെ സ്വർണ്ണ കണ്ണാടിയും മാത്രമേ ഉള്ളൂ എന്ന ഏറ്റവും വലിയ സത്യം.

സൈനബ റിൻഷ കെ
7 B

Sreelakshmi
9A

# ബുദ്ധിയുള്ള കുറുക്കൻ

ഒരു വലിയ കാട്ടിൽ ഒരു ആൺകുറുക്കനും പെൺ കുറുക്കനും ഉണ്ടായിരുന്നു. അവർ സന്തോഷത്തോടെ ജീവിച്ചിരുന്നു. പെൺകുറുക്കൻ പറഞ്ഞതെല്ലാം ആൺകുറുക്കൻ അനുസരിക്കുമായിരുന്നു. ഒരു ദിവസം രണ്ടുപേരും കുളക്കരയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ആ കുളത്തിൽ മീനുകൾ ചാടാൻ തുടങ്ങി. പെൺകുറുക്കന് മീൻ തിന്നാൻ കൊതിയായി. പെൺകുറുക്കൻ ആൺകുറുക്കനോട് പറഞ്ഞു. എനിക്ക് മീൻ തിന്നാൻ കൊതിയാകുന്നു. എനിക്ക് മീൻ വേണം. ഞാൻ പിടിച്ച തരാം. അങ്ങനെ ആൺകുറുക്കൻ കുളത്തിനടുത്തു പോയി. കുറേ നോക്കി നിന്നു. പക്ഷേ ഒന്നും ലഭിച്ചില്ല. ആൺകുറുക്കന് വിഷമമായി. ആൺകുറുക്കൻ നടന്നുപോകുമ്പോൾ ഒരു കാഴ്ച കണ്ടു. രണ്ട് പൂച്ചകൾ തമ്മിൽ അടിയുണ്ടാക്കുന്നു. ആൺകുറുക്കന് ഒരു ബുദ്ധി തോന്നി. അങ്ങനെ കുറുക്കൻ അവരുടെ അടുത്ത് വന്ന് ചോദിച്ചു. എന്താണ് പ്രശ്നം ഞാൻ സഹായിക്കാം. പൂച്ച പറഞ്ഞു ഞങ്ങൾക്ക് രണ്ടാൾക്കും ഈ മീൻ വേണം പക്ഷെ ഒരു മീൻ ഞങ്ങളുടെ കയ്യിലുണ്ട്. എന്ത് ചെയ്യാൻ പറ്റും. കുറുക്കൻ പറഞ്ഞു ഒരു കത്തി കൊണ്ടു വാ. പൂച്ച പറഞ്ഞു ഞങ്ങൾക്ക് പറ്റില്ല. നിങ്ങൾ കൊണ്ടുവാ. എന്നാൽ ഞാൻ കൊണ്ടു വരാം. കുറുക്കൻ അങ്ങനെ കത്തി എടുക്കാൻ പോയി,. കുറച്ച സമയം കഴിഞ്ഞ് കുറുക്കൻ വന്നു. എന്നിട്ട് മീൻ തല ഒരു ഭാഗവും വാൽ ഒരു ഭാഗവുമായി മുറിച്ചു. എന്നിട്ട് രണ്ടാൾക്കും ഓരോ ഭാഗം കൊടുത്തു. നടുഭാഗം ബാക്കിയായി. ആദ്യത്തെ പൂച്ച പറഞ്ഞു ഞാനല്ലേ കുളത്തിൽ നിന്ന് മീൻ പിടിച്ചത് എനിക്ക് വേണം ഈ നടുഭാഗം. രണ്ടാമത്തെ പൂച്ച പറഞ്ഞു ഞാനല്ലേ കുളത്തിൽ നിന്ന് മീൻ പിടിച്ചത് എനിക്ക് വേണം ഈ കഷ്ണം. കുറുക്കൻ പറഞ്ഞു ഞാനാണ് കത്തി കൊണ്ടു വന്നത് അതുകൊണ്ട് നടു കഷ്ണം എനിക്ക് വേണം. അങ്ങനെ കുറുക്കന് മീൻ കിട്ടി. കുറുക്കൻ സന്തോഷത്തോടെ മീൻകൊണ്ട് വീട്ടിൽ പോയി പെൺകുറുക്കന് കൊടുത്തു. പെൺകുറുക്കന് സന്തോഷമായി.

ഗുണപാഠം : ശക്തിയിലല്ലാ കാര്യം ! ബുദ്ധിയിലാണ്

**ഷഫ്ല .എൻ**
**4 സി**

# മടിയനായ കുഞ്ഞിക്കിളി

കിച്ച കിളിയുടെ മകളായ കുഞ്ഞിക്കിളി മടിയനായിരുന്നു. അവൾക്ക് പഠിക്കാൻ മടിയായിരുന്നു. അമ്മ കൊണ്ട് വന്ന ഭക്ഷണവും കഴിച്ച് അവൾ സുഖമായി കഴിയും. ഒരു ദിവസം അമ്മക്കിളി വിചാരിച്ചു. കുഞ്ഞിക്കിളിയെ എങ്ങനെയെങ്കിലും പറക്കാൻ പഠിപ്പിക്കണം. അമ്മക്കിളിക്ക് ഒരു സൂത്രം തോന്നി. അമ്മക്കിളി ഒരു ദിവസം ഉറക്കെ വിളിച്ച പറഞ്ഞു. പാമ്പ് വരുന്നേ.... ഇത് കേട്ട കുഞ്ഞിക്കിളി പേടിച്ച താഴേക്ക് ചാടി താഴേക്ക് വീഴാൻ പോയ കുഞ്ഞിക്കിളി തന്റെ ചിറകുകൾ അടിച്ചു. അങ്ങനെ അവൾ പറക്കാൻ പഠിച്ചു. .....

റന കെ
6 D

# പൂമ്പാറ്റയും വണ്ടും

ഒരു ദിവസം പൂന്തോട്ടത്തിൽ കളിക്കുന്ന നിറയേ പൂമ്പാറ്റകളും വണ്ടും ഉണ്ടായിരുന്നു. അതിൽ ധിക്കാരിയായ ഒരു പൂമ്പാറ്റ വണ്ടിനോട് പറഞ്ഞു. അയ്യേ നിങ്ങളെന്ത് കറുത്തിട്ടാണ്. ഞങ്ങളുടെ ചിറകുകൾ കാണാൻ എന്തൊരു ഭംഗിയാണ്. വണ്ട് പറഞ്ഞു ധിക്കാരിയായ നീ ഒരു പാഠം പഠിക്കണം. അങ്ങനെയിരിക്കെ പൂന്തോട്ടത്തിൽ ഒരു മനുഷ്യക്കുഞ്ഞ് വന്നു. നിറയെ പൂമ്പാറ്റകളെ കണ്ടപ്പോൾ അവരുടെ കൂടെ ഓടി പൂമ്പാറ്റ പാറി തളർന്നു. അങ്ങനെ ആ മനുഷ്യക്കുഞ്ഞ് പൂമ്പാറ്റയെ പിടിച്ചു. മനുഷ്യകുഞ്ഞ് നടന്ന് പോകുമ്പോൾ ഒരു കല്ല് തടഞ്ഞ് വീണു. കയ്യിൽ നിന്നും കുപ്പി തെറിച്ച് ഒരു കല്ലിൽ തട്ടി പൊട്ടി. ആ തക്കം നോക്കി പൂമ്പാറ്റ പറന്നു. നേരെ പൂന്തോട്ടത്തിലേക്ക് പറന്നു. എന്നിട്ട് വണ്ടിനോട് സോറി പറഞ്ഞു.

ഗുണപാഠം : ധിക്കാരികൾ ഒരു പാഠം പഠിക്കും

നസ്റിയ സി
5 സി

# പൂമ്പാറ്റ

അഴക് തുടിക്കും പൂമ്പാറ്റേ

പൂക്കളെ തേടും പൂമ്പാറ്റേ

പൂന്തേൻ ഉണ്ണും പൂമ്പാറ്റേ

പാറി നടക്കും പൂമ്പാറ്റേ

നിന്നുടെ ചിറകിന് എന്തൊഴക്

പാറിനടക്കും പൂമ്പാറ്റേ

എനിക്ക് തരുമോ നിന്നുടെ ചിറക്

പറന്ന് നടക്കാൻ കൊതിയാവുന്നു

മുഹമ്മദ് ഷിഫിൻ
2ബി

# നല്ലവനായ ഉണ്ണി

പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു കർഷകൻ താമസിച്ചിരുന്നു. അയാൾക്ക് രണ്ട് മക്കളുണ്ടായിരുന്നു. മൂത്തവന്റെ പേര് ഉണ്ണി ഇളയവൻ കണ്ണൻ. കണ്ണൻ ഭയങ്കര കുസൃതിക്കാരനും ഉണ്ണി ഒരു പാവവുമായിരുന്നു. അങ്ങനെ ഒരു ദിവസം കണ്ണൻ ഒരു കുസൃതി ഒപ്പിച്ചു. അതിന്റെ ഫലമായി ശിക്ഷ കിട്ടിയത് ഉണ്ണിക്കായിരുന്നു. അച്ഛൻ ഉണ്ണിയെ ഒരുപാട് ചീത്ത പറഞ്ഞു. അതുകേട്ട് ദേഷ്യവും സങ്കടവും സഹിക്കാൻ വയ്യാതെ ഉണ്ണി കതകടച്ച് മുറിയിൽ ഇരുന്ന കരഞ്ഞു. അത്താഴത്തിന് അമ്മ ഭക്ഷണം കഴിക്കാൻ വിളിച്ചപ്പോൾ പോലും അവൻ വരാൻ തയ്യാറായില്ല. അത്താഴം കഴിച്ച് വന്ന കണ്ണൻ മുറിയിലിരുന്ന കരയുന്ന ഉണ്ണിയെ കണ്ട് കുറ്റബോധം സഹിക്കാൻ വയ്യാതെ നടന്ന സംഭവം അമ്മയോടു പറഞ്ഞു. അച്ഛനോടു പറയാൻ അവന് ധൈര്യം ഉണ്ടായിരുന്നില്ല. നടന്ന സംഭവം ഇതായിരുന്നു. അച്ഛന്റെ പേഴ്സിൽ നിന്നും കാശ് മോഷ്ടിച്ചത് ഞാനായിരുന്ന അമ്മ. അച്ഛൻ കുളിക്കാൻ പോയ തക്കം നോക്കി 10 അണ മോഷ്ടിച്ചു. എനിക്ക് വർണ്ണ കടലാസിൽ പൊതിഞ്ഞ മിഠായി കഴിക്കാനുള്ള ആഗ്രഹം കൊണ്ടാണ് ഞാനത് മോഷ്ടിച്ചത്. അച്ഛൻ കുളിച്ച വന്നപ്പോൾ ഉണ്ണി അച്ഛന്റെ പേഴ്സിന്റെ അടുത്ത് നിൽക്കുന്നുണ്ടായിരുന്നു. അതുകണ്ട് അച്ഛൻ പേഴ്സ് പരതി നോക്കിയപ്പോൾ 10 അണ കാണാനില്ല. അച്ഛൻ വിചാരിച്ചു ഉണ്ണിയാണ് അത് മോഷ്ടിച്ചതെന്ന്. നല്ല ദേഷ്യത്തോടെ വന്ന് ഉണ്ണിയെ ഒരുപാട് തല്ലി. ഇതാണ് നടന്നത് . പാവമാണ് ഉണ്ണി. അവൻ ഒന്നും ചെയ്തിട്ടില്ല. ഇനി ഞാൻ ഇതുപോലെയുള്ള കുസൃതി ഒന്നും ചെയ്യില്ല എന്ന് കണ്ണൻ പറഞ്ഞു. പിന്നെ അതിനുശേഷം കണ്ണൻ കുസൃതി ഒന്നും കാട്ടിയിട്ടില്ല.

ശ്രീനന്ദ വി.പി

8A

## എന്റെ വിദ്യാലയം

അറിവു നൽകിമീയനശ്വരവിദ്യാലയം

അവനിയിൽ പടരുമൊനന്തവിസ്മയം

പുതുതലമുറയ്ക്കുണർവേകിയെന്നും

കനിവു നൽകുന്ന വൃദ്ധ മുത്തശ്ശിയായ്

നന്മ വറ്റാത്ത സ്നേഹത്തിളക്കമായി

കരുതലെന്നും തരുന്ന വിദ്യാലയം

ചിറകു നൽകി പറന്നുയർന്നീടുവാൻ

വഴിതെളിക്കും കെടാവിളക്കാണിത്

അകലെ മിന്നുന്ന നക്ഷത്രകാന്തിയായ്

പുതുവെളിച്ചമായ് തെളിവേറെ നൽകിടും

മനസ്സിനുള്ളിലെ തമസ്സു നീക്കിയും

പ്രഭ പരത്തിടും പൊൻകിരണങ്ങളാൽ

## ഒരു സ്വപ്ന യാത്ര

കഥനഭാരത്താൽ കരൾ കലങ്ങി – ഞാൻ

കരുണ വറ്റിയ ലോകത്തിലേകനായി

പഴയനൊമ്പരകിനാക്കൾ കൊണ്ടൊരു

പ്രണയഗോപുരം തീർത്തു

ഞാൻ മന്ദമായ്

മധുര നൊമ്പരജീവിത തീരത്തു

നിറമെഴും നിലാവിന്റെ കൊമ്പിലായ്

അഴൽ നിറഞ്ഞൊരു മഴമുകിൽ തീർത്തിടും

കടലിരമ്പുന്ന ജീവിത ദുഃഖമായ്

ഇരുളിലെപ്പോഴും ഒരു പിടി ഓർമകൾ

മിഴിതുളുമ്പുന്ന യാതനയാത്രയിൽ

അരികിൽ നിന്നു പറയാൻ

മറന്നുപോയ്

കരളു ചീന്തിയ ഹൃദയവാക്കുകൾ

സന്തോഷ് പി.എസ്.
എച്ച്.എസ്.റ്റി. മലയാളം

# ന്യൂജെൻ ഡിക്ഷനറി

1.പൊളി: മികച്ചത് ( പഴയ കാല അർത്ഥം തകർന്നത് )

2. സീനാ കും : പ്രശ്നമാകും (പഴയ കാല അർത്ഥം : ദൃശ്യം)

3.ചങ്ക് : ആത്മ സുഹൃത്ത് (പഴയ കാല അർത്ഥം : കഴുത്ത്)

4. കളറായി : ഉജ്ജ്വലമായി (പഴയ കാല അർത്ഥം : നിറം )

5. ചില്ലാക്കുക : അഘോഷിക്കുക

6. സീൻ ഡാർക്കാ : പ്രശ്നം ഗുരുതരം

7. വേറെ ലെവലാ : സൂപ്പർ / ഉജ്ജ്വലം

8. കട്ട കലിപ്പ് : ദേഷ്യം

യൂനസ് .എം
എച്ച്.എസ്.റ്റി. അറബിക്

# DIGITAL PAINTING



Mohamed Ayaan K
7C

Shaju Ayatt
HST English

# മിന്നൂട്ടിയുടെ പൂന്തോട്ടം

മിന്നൂട്ടി രാവിലെ ഉണർന്നു. അവൾ എന്നും പൂന്തോട്ടത്തിൽ പോകും. റോസാചെടിയെയാണ് അവൾക്ക് ഏറെ ഇഷ്ടം. ഒരു ദിവസം റോസാചെടിയോട് അവൾ ചോദിച്ചു. എന്താ നിനക്ക് മൊട്ടുണ്ടാകാത്തത്. പിറ്റേ ദിവസം അവൾ പൂന്തോട്ടത്തിൽ നോക്കിയപ്പോൾ അതാ ഒരു മൊട്ട്. അങ്ങനെ അവൾ എന്നും റോസാചെടിയെ മാത്രം ശ്രദ്ധിക്കാൻ തുടങ്ങി. ഇത് കണ്ട് മറ്റ് ചെടികൾക്ക് വിഷമമായി. റോസാചെടിക്ക് അഹങ്കാരവും കൂടി. മറ്റ് പൂക്കളോട് റോസാചെടി പറഞ്ഞു. നിങ്ങളെക്കാളും കാണാൻ ഭംഗി എനിക്കാണ്. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ റോസാചെടിയ്ക്ക് നിറം കുറയാൻ തുടങ്ങി. ഓരോ ഇതളും കൊഴിയാനും തുടങ്ങി. ഇതളുകൾ കുറയും തോറും റോസാചെടിയ്ക്ക് ഭംഗി കുറയാൻ തുടങ്ങി. റോസാചെടിയ്ക്ക് മനസ്സിലായി അഹങ്കാരം നല്ലതല്ല എന്ന്.

സഫ. എൻ<br>
2ബി

# പ്രവേശനോത്സവം











# ഓണാഘോഷം

















# ക്രിസ്തുമസ് ആഘോഷം












# ഈദ് മെഹന്ദി

 







# കിഡ്സ് ഫെസ്റ്റ്













# കൂട്ട്











# എന്റെ വിദ്യാലയം

പിറവിയെടുത്തിട്ട് വർഷം നൂറു കഴിഞ്ഞു ...
പെറ്റു കൂട്ടിയതോ അനേകായിരം മക്കളെ ..
മക്കളിൽ പലരും ഉയർന്നവരായി ...
ഡോക്ടറും, ടീച്ചറും , വക്കീലുമായി ...
കൃഷിയും, പശുവും, കിളയും,
ചെളിയും കൂട്ടുപിടിച്ചർ വേറെയുമുണ്ടവരിൽ ...

പിന്നിട്ട കാലം എത്രയോ മികച്ചതാം
മുന്നിടുന്നതോ ന്യൂജെന്റെ കൂടെയും ...

ധർമ്മവും സ്നേഹവും
സാഹോദര്യവും ...
ഐക്യവും മമതയും ഇന്നും പറയുന്നിടo ...

ശേഷിയിൽ ഭിന്നരാം
മാലാഖ കൂട്ടവും ഏറെ
വരുന്നിടം എന്റെ വിദ്യാലയം ...

പുറമേന്ന് കാണുമ്പം
കുടുസ്സായ അങ്കണം
അകമേ വിളമ്പിടും
അളവറ്റ സ്നേഹവും ...

നേട്ടം പലതുണ്ടിവിടെ
പഠിച്ചരിൽ
കോട്ടമതില്ലാ എൻ
വിദ്യാലയമിതിൽ...

ചേർത്തിട്ടു നാട്ടരെ
നിങ്ങൾ തൻ മക്കളെ ...
നിങ്ങൾ പഠിച്ചിടം പൊൻ വിദ്യാലയത്തിൽ ...

അറിവും കനിവും വളമായ് ലഭിച്ചവർ
പൊന്നായി വിളഞ്ഞിടും
നാളെയെൻ മുറ്റത്ത് .

യൂനസ് .എം
എച്ച്.എസ്.റ്റി. അറബിക്

പ്രിയരെ,

ഞങ്ങൾ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന സ്പന്ദനം എന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കെല്ലാവർക്കും ഇഷ്ടപ്പെടും എന്ന് കരുതുന്നു. സമയ പരിമിതി കൊണ്ട് ലഭ്യമായ ചില സൃഷ്ടികൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അത് തുടർന്നു വരുന്ന മാഗസിനുകളിൽ തീർച്ചയായും ഉൾപ്പെടുത്തുന്നതാണ്. ഇതിലെ കുറവുകൾ ചൂണ്ടിക്കാട്ടി ഞങ്ങൾക്കു വേണ്ടുന്ന എല്ലാ മാർഗനിർദ്ദേശങ്ങളും നൽകിയ അധ്യാപകരേയും അനധ്യാപകരേയും നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു. കൂടുതൽ സൃഷ്ടികൾ ഉൾപ്പെടുത്തി ഇറക്കുന്ന ഞങ്ങളുടെ അടുത്ത മാഗസീനായി കാത്തിരിക്കുക. ഈ മാഗസീന്റെ തുടക്കം മുതൽ ഒടുക്കം വരെ ഞങ്ങളോടൊപ്പം പ്രവർത്തിച്ച എച്ച്.എം ഗഫൂർ മാഷ്, ദീപു മാഷ്, ബീന ടീച്ചർ, പ്രീത ചേച്ചി എന്നിവർക്കുള്ള പ്രത്യേകം നന്ദി ഈയൊരവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.........

എന്ന്
ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ